പദ്ധതികൾക്ക് ബജറ്റിൽ അനുവദിക്കുന്ന തുക ജനസംഖ്യാനുപാതികമായി നൽകുവാൻ നടപടി

*15 [225] ശ്രീ. പി. കെ. കെ. ബാവ:
,, കെ. എൻ. എ. ഖാദർ:
,, സി. മമ്മൂട്ടി:
,, പി. കെ. അബ്ദുറബ്ബ്:
,, കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ വകുപ്പിലൂടെയും നടപ്പിലാക്കുന്ന പദ്ധതികൾക്ക് ബജറ്റിൽ അനുവദിക്കുന്ന തുക എല്ലാ ജില്ലകൾക്കും സാദ്ധ്യമാകുന്നത്ര ജനസംഖ്യാനുപാതിക മായി നൽകുവാൻ കഴിഞ്ഞ കാലങ്ങളിൽ എപ്പോഴെങ്കിലും ആലോചിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇല്ലെങ്കിൽ ഇത് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ, ബി) ബജറ്റിൽ ഉൾപ്പെടുത്തുകയും വിവിധ വകുപ്പുകൾ മുഖേന നടപ്പാ ക്കുകയും ചെയ്യുന്ന വികസന പദ്ധതികൾ നടപ്പാക്കുന്നതിന് പ്രത്യേകം പ്രത്യേകം മാനദണ്ഡങ്ങളാണുള്ളത്.

ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ടാണ് പ്രധാനപ്പെട്ട പദ്ധതികൾക്ക് രൂപം നൽകുന്നത്. ഇവയിൽ, അതാതു പ്രദേശത്തിന്റെ സാമ്പത്തിക പിന്നോക്കാവസ്ഥയാണ് പ്രധാനമായും പരിഗണിക്കപ്പെടുന്നത്. വിവിധ പ്രദേശങ്ങൾ തമ്മിലുള്ള സാമ്പത്തികമായ അസന്തുലിതാവസ്ഥ കുറച്ചുകൊണ്ടുവരിക എന്ന ലക്ഷ്യ ത്തോടെയാണ് ഇത്തരമൊരു സമീപനം സ്വീകരിച്ചിട്ടുള്ളത്.

എന്നാൽ ജില്ലാ പഞ്ചായത്തുകൾ, കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ തുടങ്ങിയ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന വികസന പദ്ധതികൾക്കുള്ള പദ്ധതി തുക നിശ്ചയിക്കുന്നതിനുള്ള പ്രധാന മാനദണ്ഡം ജനസംഖ്യ യാണ്. (ഈ മാനദണ്ഡങ്ങളും അവയ്ക്കു നൽകിയിരിക്കുന്ന വെയിറ്റേജും അനുബന്ധ ത്തിൽ ചേർത്തിരിക്കുന്നു.)†

(സി) ഇപ്പോൾ ഇത്തരത്തിലുള്ള ഒരു നിർദ്ദേശം പരിഗണനയിലില്ല.

സംസ്ഥാനത്തെ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് വകയിരുത്തിയ തുക

*16 [226] ശ്രീ. പി. സി. ജോർജ്ജ്:
,, രാജു എബ്രഹാം:
,, കെ. രാധാകൃഷ്ണൻ:
,, ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† അനുബന്ധം I.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[30-1-2004-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന്റെ ഉത്തരം *15 (225) ദയവായി കാണുക.]

തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി തുക നൽകുന്നതിനുള്ള മാനദണ്ഡങ്ങളും വെയിറ്റേജും

	സൂചകങ്ങൾ	വെയിറ്റേജ് (ശതമാനം)			
		ഗ്രാമപഞ്ചായത്ത്	ബ്ലോക്ക് പഞ്ചായത്ത്	ജില്ലാ പഞ്ചായത്ത്	മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ
1.	ജനസംഖ്യ (പട്ടികജാതി, പട്ടികവർഗ്ഗക്കാർ ഒഴിച്ചുള്ളത്)	60	60	50	70
2.	പട്ടികവർഗ്ഗ ജനസംഖ്യ	5	5	5	5
3.	വനപ്രദേശങ്ങളൊഴികെയുള്ള ഭൂപ്രദേശം	5	10	15	5
4.	നെൽകൃഷി പ്രദേശത്തിന്റെ വിസ്തൃതി	5	..	..	..
5.	ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാനം	10	..	..	..
6.	കർഷക തൊഴിലാളികൾ, കാലി വളർത്തൽ, മത്സ്യബന്ധനം തുടങ്ങിയ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ, നാമമാത്ര തൊഴിലാളികൾ എന്നിവയുടെ അടിസ്ഥാനത്തിലുള്ള സൂചിക	15	25	20	..
7.	കക്കൂസ് ഇല്ലാത്ത വീടുകൾ, വൈദ്യുതിയില്ലാത്ത വീടുകൾ എന്നിവയുടെ അടിസ്ഥാനത്തിലുള്ള പിന്നോക്കാവസ്ഥ	..	..	10	20
	ആകെ	100	100	100	100

അനുബന്ധം II

[30-1-2004-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന്റെ ഉത്തരം *26 (236) ദയവായി കാണുക.]

അപേക്ഷ സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട സംഗതികൾ

ഗ്രാമീണ സ്കൂളുകൾക്ക് കേന്ദ്ര സഹായ പദ്ധതി

സവിശേഷതകൾ:

1. ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് കളിസ്ഥലങ്ങളുടെ വികസനത്തിനും കായിക ഉപകരണങ്ങൾവാങ്ങുന്നതിനും കേന്ദ്ര ധനസഹായം ലഭിക്കുന്ന പദ്ധതിയാണിത്.

LIBRARY ARCHIVES Kerala Legislative Assembly